**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** **30-01-2024 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തങ്ങളിൽ വീടിനു മുകളിൽ ഇടിഞ്ഞു വീണ മണ്ണ് മാറ്റുന്നതിന് റോയൽറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി വാസസ്ഥലങ്ങളിലും വീടിനു മുകളിലും ഇടിഞ്ഞു വീഴുന്ന മണ്ണ് മാറ്റുന്നതിന് മൈനിങ് &ജിയോളജി വകുപ്പ് റോയൽറ്റി ഈടാക്കുന്നുണ്ടോ; | (എ) | പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി വാസസ്ഥലങ്ങളിലും വീടിനു മുകളിലും ഇടിഞ്ഞു വീണ മണ്ണ് റോയൽറ്റി ഈടാക്കാതെ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് 31.03.2023 ൽ നിലവിൽ വന്ന 2015 ലെ കെ.എം.എം.സി. (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 നോട്ട് 4 പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രകൃതി ദുരന്തങ്ങളിൽപെട്ട് വീടിനു മുകളിൽ ഇടിഞ്ഞു വീണ മണ്ണ് മാറ്റുന്നതിനായി ലഭിച്ച എത്ര അപേക്ഷകൾ വകുപ്പിൽ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യത്തോടു കൂടി നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം റോയൽറ്റി അടയ്ക്കേണ്ടതില്ല. തിരുവനന്തപുരം ജില്ലയിൽ തീർപ്പാക്കുന്നതിനുള്ള ഒരു അപേക്ഷ മേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (സി) | പ്രകൃതി ദുരന്തങ്ങളിൽപെട്ട് വീടിനു മുകളിൽ ഇടിഞ്ഞു വീണ മണ്ണ് മാറ്റുന്നതിനുള്ള റോയൽറ്റി ഒഴിവാക്കുന്നതിന് വ്യവസ്ഥയെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ റോയൽറ്റി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യത്തോടു കൂടി നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം റോയൽറ്റി അടയ്ക്കേണ്ടതില്ല. തിരുവനന്തപുരം ജില്ലയിൽ തീർപ്പാക്കുന്നതിനുള്ള ഒരു അപേക്ഷ മേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ